## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2131 — 13.06.2019 ൽ മറുപടിക്ക്

### കായംകുളത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| കായംകുളം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; ആയതിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | കായംകുളം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുടുംബാരോഗ്യ കേന്ദ്രം, കണ്ടല്ലൂർ<br>2. പ്രാഥമികാരോഗ്യ കേന്ദ്രം, ചെട്ടിക്കുളങ്ങര<br>3. പ്രാഥമികാരോഗ്യ കേന്ദ്രം, ദേവികുളങ്ങര<br>4. പ്രാഥമികാരോഗ്യ കേന്ദ്രം, പത്തിയൂർ<br>5. പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷ്ണപുരം<br>6. പ്രാഥമികാരോഗ്യ കേന്ദ്രം, ഭരണിക്കാവ്<br>കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്ന കണ്ടല്ലൂർ-ൽ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണി വരെ ഒ.പി.പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടിക്കുളങ്ങരയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് (58 ലക്ഷം) ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 50% വർക്ക് പൂർത്തീകരിച്ചു. കെ.ഇ.എൽ. എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. ദേവികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു. കെ.ഇ.എൽ.എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. ഭരണിക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം (ഡി.എൻ.കെ) എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ